നം.എച്ച്1/50860/14/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 15/07/2014

# സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം- 2014-15 അദ്ധ്യായന വർഷത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്- സംബന്ധിച്ച്.

**സൂചന:-** 05-11-2007 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 194/07/പൊ.വി.

*********

സ്കൂൾ പാർലമെന്റ് രൂപികരണത്തിനും, നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗ്ഗരേഖകളും സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചനയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 2014-15 അദ്ധ്യയന വർഷത്തെ പാർലമെന്റ് തെരഞ്ഞെടുപ്പ് സംബന്ധിച്ച തീയതികളും മാർഗനിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

<u>വിശദമായ പട്ടിക ചുവടെ വിവരിക്കുന്നു.</u>

| | | | |
|---|---|---|---|
| 1. | നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി | : | 29-07-2014 3 മണിവരെ |
| 2. | നാമനിർദ്ദേശ പത്രിക പരിശോധിച്ച് അവ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | : | 30-07-2014 3 മണിവരെ |
| 3. | നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതി | : | 31-07-2014 ഉച്ചയ്ക്ക് 3 മണിവരെ |
| 4. | മത്സരാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള തീയതി | : | 31-07-2014 |
| 5. | വോട്ടെടുപ്പ് തീയതിയും, സമയവും | : | 07-08-2014 രാവിലെ 11 മണിവരെ |
| 6. | വോട്ടെണ്ണൽ സ്ഥലവും, ഫലപ്രഖ്യാപന തീയതിയും, സമയവും. | : | അതാതു ക്ലാസ്സുകളിൽ വച്ച് 07-08-2014 ഉച്ചയ്ക്ക് 12 മണി |
| 7. | പാർലമെന്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് തീയതിയും, സമയവും | : | 07-08-2014 ഉച്ചയ്ക്ക് 2.30 മുതൽ |
| 8. | സ്കൂൾ പാർലമെന്റിന്റെ ആദ്യയോഗത്തിന്റെ തീയതി | : | 11-08-2014 |

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി.നമ്പർ 10046/96 നുമേൽ 08/11/96–ലെ വിധിയുടെയും 1936/96, 1341/97, 262/97 എന്ന റിട്ട് അപ്പീലുകളിന്മേലുള്ള വിധിയുടെയും അടിസ്ഥാനത്തിലായിരിക്കണം തെരഞ്ഞെടുപ്പ് നടത്തേണ്ടത്. സൂചിത ഉത്തരവ് പ്രകാരം തെരഞ്ഞെടുപ്പ് സംബന്ധിച്ച് സമഗ്രായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതു കർശനമായി പാലിയ്ക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. തികച്ചും, സമാധാനപരവും രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലുകൾ ഇല്ലാതെയും ആയിരിക്കണം സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. കൂടാതെ പ്രസ്തുത തെരഞ്ഞെടുപ്പ് വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും, ഐക്യവും വളർത്തുവാൻ സഹായകരമായ വിധത്തിലുമായിരിക്കണം

മേൽ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തെരഞ്ഞെടുപ്പ് നടത്തുന്ന വിവരം സ്കൂൾ അധികൃതർ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആയത് സർക്കാർ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടാണ് നടത്തപ്പെടുന്നത് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

**സ്വീകർത്താവ്**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും ( ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

വൈ.പി.